## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3963

19.03.2018 ൽ
മറുപടിയ്ക്ക്

### ലാന്റ് ട്രൈബ്യൂണലുകളിൽ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ലാന്റ് ട്രൈബ്യൂണലുകളിൽ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നത് ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) 1963 ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 72, 80 ബി, 7 ഇ വകുപ്പുകൾ പ്രകാരം ക്രയ സർട്ടിഫിക്കറ്റും റൈറ്റിൽ സർട്ടിഫിക്കറ്റും നൽകിവരുന്നു. |
| (ബി) പ്രസ്തുത നിയമം നിലവിൽ വന്നതെപ്പോഴാണ്; | (ബി) 01.04.1964, 01.01.1970 തീയതികളിലാണ് നിലവിലെ നിയമം നിലവിൽ വന്നത്. |
| (സി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പട്ടയത്തിന്മേലുള്ള അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുവാൻ നിലവിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ: | (സി) കുടിയായ്മ സംബന്ധിച്ച വ്യവസ്ഥകൾ നടപ്പിൽ വന്നത് 01.04.1964 ലാണ്. ഈ തീയതിക്കുശേഷം പുതിയ കുടിയായ്മ സൃഷ്ടിക്കരുതെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. യഥാർത്ഥ കുടിയാനെ കണ്ടെത്തിയാൽ മാത്രമേ കുടിയായ്മ സ്ഥിരത (Fixity of Tenure) നൽകുവാൻ കഴിയൂ. കുടികിടപ്പുകാർക്കും അവരിൽ നിന്നും കൈമാറ്റം വാങ്ങിയവർക്കുമാണ് ക്രയ സർട്ടിഫിക്കറ്റ് നൽകുന്നത്. 01.04.1964 ൽ കുടിയായ്മ ഉണ്ടായിരുന്നോ എന്നും യഥാർത്ഥ കുടിയാനിൽ നിന്നും |

കൈമാറ്റം ലഭിച്ച കുടിയാൻ ആണോയെന്നും കണ്ടെത്തിയാണ് കുടിയായ്മ സ്ഥിരത നൽകുന്നതും ക്രയ സർട്ടിഫിക്കറ്റ് നൽകുന്നതും.

(ഡി) 01.04.1964 ന് മുമ്പുള്ള കൈവശം തെളിയിക്കണമെന്ന നിയമത്തിലെ നിബന്ധനയാണ് അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതെന്നും നിലവിലുള്ള പട്ടയം അപേക്ഷകരിൽ ഭൂരിപക്ഷവും അതിനുശേഷം ജനിച്ചവരാണെന്നതും കണക്കിലെടുത്ത് ഈ നിബന്ധനയിൽ ഇളവ് വരുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ക്രയ സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുന്നയാൾ എന്ന് ജനിച്ചതാണെന്നുള്ളത് കേസ് തീരുമാനിക്കുന്നതിൽ ഒരു ഘടകമല്ല. 01.04.1964 നോ അതിനു മുമ്പോ ജന്മി-കുടിയാൻ ബന്ധത്തിൽ കൈവശം വച്ചിരുന്ന കുടിയായ്മ ഭൂമിക്കാണ് ക്രയ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രസ്തുത ഭൂമിയുടെ ഇപ്പോഴത്തെ കൈവശക്കാരന് ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

(ഇ) നിലവിൽ ലാന്റ് ട്രൈബ്യൂണലുകളിലെ പട്ടയം അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ച് നിലവിലുള്ള നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

(ഇ) കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസർമാരെയും ലാന്റ് ട്രൈബ്യൂണലിലേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള ഡസിഗ്നേറ്റഡ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഈ നടപടിയിലൂടെ സമയബന്ധിതമായി കേസുകൾ തീർപ്പാക്കിവരുന്നു.

സെക്ഷൻ ഓഫീസർ